129 (1732) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിലെ ജീവനക്കാർക്ക് മിനിമം വേജസ്

<u>ശ്രീ. ബി. വിജയകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിൽ 8 വർഷത്തോളമായി ജോലിചെയ്യുന്ന ജീവനക്കാർക്ക് സർക്കാർ അംഗീകരിച്ചിട്ടുള്ള മിനിമം വേജസ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ കാറ്റഗറി അനുസരിച്ച് ഒരു ജീവനക്കാരന്റെ ഒരു ദിവസത്തെ ശമ്പളം എത്രയാണ്;

(സി) ഇല്ലെങ്കിൽ പ്രസ്തുത ജീവനക്കാർക്ക് സർക്കാർ അംഗീകരിച്ചിട്ടുള്ള മിനിമം വേജസ്സ് നല്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ)-(സി) ഇല്ല. യൂണിറ്റുകളിൽനിന്ന് ലഭിക്കുന്ന ലാഭത്തിൽ നിന്നാണ് ജീവനക്കാർക്ക് ശമ്പളം നൽകേണ്ടത്. യൂണിറ്റുകൾ പലതും നഷ്ടത്തിലായതിനാൽ സർക്കാർ അംഗീകരിച്ച നിരക്കിൽ മിനിമം വേജസ്സ് നൽകാൻ നിർവാഹമില്ല. കാലാകാലങ്ങളിൽ പരിധികൾക്കുള്ളിൽനിന്നുകൊണ്ട് വേതനവർദ്ധന അനുവദിച്ചുവരുന്നുണ്ട്. എല്ലാ ഡി.ടി.പി.സി കളിലും മുഴുവൻസമയ സെക്രട്ടറിമാരെയും ഓഫീസ് സ്റ്റാഫിനെയും നിയമിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇങ്ങനെ നിയമിക്കപ്പെടുന്നവരുടെ ശമ്പളച്ചെലവ് മൂന്നു വർഷക്കാലത്തേക്ക് ടൂറിസം വകുപ്പ് വഹിക്കുന്നതായിരിക്കും.

130 (1734) നിയമ ബോധവൽക്കരണ ക്യാമ്പുകൾ

<u>ശ്രീ. ടി.കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങൾ അവശ്യം അറിയേണ്ട നിയമങ്ങൾ ബഹുജനങ്ങളിൽ എത്തിക്കുവാൻ നിയമ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കാൻ സർക്കാർ ഏതെങ്കിലും പദ്ധതിക്കു രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇക്കാര്യത്തിൽ സന്നദ്ധ സേവനത്തിന് അഡ്വക്കേറ്റുമാരുടെ സംഘടനയെ ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിളിച്ചു കൂട്ടുന്ന ഗ്രാമസഭകളിൽ അവശ്യം അറിയേണ്ട നിയമങ്ങളെ സംബന്ധിച്ച് ക്ലാസ്സ് സംഘടിപ്പിക്കുമോ?

<u>ഉത്തരം</u>

(എ&(ബി) സംസ്ഥാനത്ത് ജനങ്ങൾ അവശ്യം അറിയേണ്ട നിയമങ്ങൾ ബഹുജനങ്ങളിൽ എത്തിക്കുവാൻ നിയമബോധവൽക്കരണ ക്യാമ്പുകളും ക്ലാസ്സുകളും സംഘടിപ്പിക്കുവാൻ, സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിട്ടിമുഖേന സർക്കാർ ശ്രമിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന ലീഗൽ സർവീസസ് അതോറിട്ടി താലൂക്ക് അടിസ്ഥാനത്തിലും ജില്ലാ അടിസ്ഥാനത്തിലും നിയമ ബോധവൽക്കരണ ക്യാമ്പുകളും ക്ലാസ്സുകളും സംഘടിപ്പിക്കുന്നുണ്ട്. സാധാരണ ജനങ്ങൾ അവശ്യം അറിയേണ്ട നിയ

LIBRARY ARCHIVES Kerala Legislative Assembly